പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2077 | 01/02/2018-ൽ മറുപടിക്ക്

## ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കാൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ.സി.കെ.നാണു**<br>**ശ്രീ.എ. കെ. ശശീന്ദ്രൻ**<br>**ശ്രീ.കോവൂർ കുഞ്ഞുമോൻ** | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ജീവിതശൈലീ രോഗവുമായി ബന്ധപ്പെട്ട് എത്ര പേർ ചികിത്സ നേടിയിട്ടുണ്ട്; ഇതിനെ പ്രതിരോധിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ; സ്കൂൾ കോളേജ് തലങ്ങളിൽ ഇതിനായി എന്തെങ്കിലും പരിപാടികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | സംസ്ഥാനത്ത് ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി 'അമൃതം ആരോഗ്യം'എന്ന പേരിലാണ് ആരോഗ്യ വകുപ്പിന് കീഴിലുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവയിലൂടെ പ്രവർത്തിച്ചു വന്നിരുന്നത്. ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത് ജില്ല, ജനറൽ, താലൂക്ക് ആശുപത്രികളിലേയ്ക്കുകൂടി വികസിപ്പിക്കുകയും ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ മുപ്പതുവയസ്സിനുമുകളിൽ പ്രായമുള്ള ഒരു കോടി മുപ്പത്തിരണ്ട് ലക്ഷം ജനങ്ങളെ ഇതിനായി സ്ക്രീനിംഗിന് വിധേയമാക്കുകയും പതിമൂന്ന് ലക്ഷത്തോളം പുതിയ രോഗികളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇരുപത്തിയഞ്ച് ലക്ഷത്തിലേറെ പ്രമേഹ രോഗികൾ, ഇരുപത്തിയേഴര ലക്ഷത്തോളം രക്താതിസമ്മർദ്ദം ഉള്ളവരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി നിലവിലുണ്ട്.<br>ജീവിതശൈലി രോഗങ്ങൾ വരാതിരിക്കുവാനുള്ള ആരോഗ്യ ബോധവത്ക്കരണം, ഈ രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ക്യാമ്പുകളും ക്ലിനിക്കുകളും സജ്ജമാക്കുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, രോഗം വന്നവർക്ക് മൂർദ്ധന്യാവസ്ഥ (complications) വരാതെ നോക്കുക എന്നിവയാണ് ഈ പദ്ധതിയുടെ കർമ്മപരിപാടികൾ.<br>സ്കൂൾ കുട്ടികൾക്ക് ജീവിതശൈലി രോഗം നിയന്ത്രിക്കുന്നതിന് LEAP (Lifestyle Education and Awareness Programme) എന്ന പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ ജീവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള ആരോഗ്യ ബോധവത്ക്കരണം നൽകുന്നതിനും കുട്ടികളിൽ ആരോഗ്യപരമായ ഭക്ഷണശീലം വളർത്തുന്നതിനും ഊന്നൽ നൽകുന്നുണ്ട്. കൂടാതെ വ്യായാമം, യോഗ എന്നിവയും നൽകിവരുന്നു. ഇപ്പോൾ ഇത് സ്കൂൾ ആരോഗ്യപദ്ധതിയുടെ ഭാഗമായാണ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ